ഉത്തരം

(എ) ഉണ്ട്. 8-12-2003 മുതൽ 7-2-2004 വരെ നടത്തിയ 26-ാം ബാച്ചിന്റെ കോഴ്സാണ് അവസാനമായി നടത്തിയത്.

(ബി) ഫയർമാൻ തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത സർവ്വീസ് പൂർത്തിയാക്കിയിരിക്കണം.

(സി) ലീഡിംഗ് ഫയർമാൻ കോഴ്സ് പൂർത്തിയാക്കാത്തതിനാൽ ഫയർമാൻമാർക്ക് നിലവിൽ പ്രത്യേക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലീഡിംഗ് ഫയർമാൻ കോഴ്സ് പൂർത്തിയായ നിരവധി ഫയർമാൻ തസ്തികയിലുള്ളവർ നിലവിലുണ്ട്. പ്രസ്തുത കോഴ്സ് പാസ്സായവരിൽ നിന്നും സീനിയോറിട്ടി ക്രമത്തിൽ പ്രൊമോഷൻ തസ്തികയുടെ ലഭ്യതയനുസരിച്ചാണ് പ്രൊമോഷൻ നടത്തുന്നത്. എന്നാൽ ലീഡിംഗ് ഫയർമാൻ കോഴ്സ് പാസ്സായിട്ടുണ്ട് എന്ന ഒറ്റ കാരണത്താലല്ല ഫയർമാൻമാർക്ക് പ്രൊമോഷൻ നൽകുന്നത്. ഈ പ്രൊമോഷന് കാലതാമസം വരുന്നവർക്ക് നിലവിലെ സർക്കാർ റൂൾ പ്രകാരം സർവ്വീസ് ദൈർഘ്യം കണക്കിലെടുത്ത് ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാനുള്ള വ്യവസ്ഥയും നിലവിലുണ്ട്.

(ഡി) നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിൽ എല്ലാ ഫയർമാൻമാർക്കും ഒരേ സമയം ലീഡിംഗ് ഫയർമാൻ കോഴ്സ് നൽകാനുള്ള സൗകര്യമില്ല. സ്ഥലസൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് അടുത്ത ബാച്ച് ലീഡിംഗ് ഫയർമാൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം

63 [2493] *ശ്രീ. എ. സി. ഷൺമുഖദാസ്:*
,, സി. കെ. നാണു:
ഡോ. കെ. സി. ജോസഫ്:
,, എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ പ്രവർത്തിച്ചുതുടങ്ങിയത് എന്നു മുതലാണ് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി രൂപീകരിച്ച കോർപ്പറേഷനിൽ ഭരണം നടത്തുന്നതിന് നിലവിലുള്ള ഭരണസംവിധാനം എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ കോർപ്പറേഷൻ രൂപീകരിച്ചതിനുശേഷം എക്സ് സർവ്വീസുകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി എത്രപേർക്ക്, എന്തൊക്കെ സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്നുള്ളതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ 10-9-2002 മുതൽ പ്രവർത്തിച്ചുതുടങ്ങി.

(ബി) വിമുക്ത ഭടൻമാരുടേയും അവരുടെ അർഹതപ്പെട്ട ആശ്രിതരുടേയും പുരോഗതിക്കും ക്ഷേമത്തിനും പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങളാണ് ഈ കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) കമ്പനി നിയമം, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയ്ക്ക് അനുസൃതമായിട്ടാണ് ഭരണം നടത്തുന്നത്.

(ഡി) 2005 ഏപ്രിൽ 1-ാം തീയതി മുതൽ താഴെപ്പറയുന്ന ജില്ലകളിൽ ആകെ 123 വിമുക്തഭടൻമാർക്ക് സെക്യൂരിറ്റി ഗാർഡായി കോർപ്പറേഷൻ മുഖേന ജോലി നൽകിയിട്ടുണ്ട്.

പാലക്കാട്	..	100
എറണാകുളം	..	13
കോഴിക്കോട്	..	6
തൃശ്ശൂർ	..	3
തിരുവനന്തപുരം	..	1
ആകെ	**..**	**123**

LIBRARY ARCHIVES Kerala Legislative Assembly